**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ: **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 81/എം.ജി.എൻ.എസ്.എ.എസ്.കെ/23 തീയതി. 25.11.2023

# സർക്കുലർ

**റിസോഴ്സ് പേഴ്സൺമാർക്ക്,**

വിഷയം: സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി എം.ഐ.എസ്സിൽ പട്ടികപ്പെടുത്തിയിട്ടുള്ളനിർവ്വഹണ പ്രശ്നങ്ങൾ - സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം തയ്യാറാക്കി നൽകിയ എം.ഐ.എസ് പട്ടികയുടെ മലയാള പരിഭാഷയാണ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നത്. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ വസ്തുനിഷ്ഠവും ഏകീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ആകുന്നു എന്നുറപ്പാക്കുന്നതിന് നാല് വ്യത്യസ്ഥ ഇനങ്ങളിലായി തയ്യാറാക്കിയിട്ടുള്ള ഈ പട്ടിക സഹായക മാവും. റിസോഴ്സ് പേഴ്സൺമാർ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി നടത്തുന്ന പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളും അപാകതകളും വീഴ്ചകളും റിപ്പോർട്ട് ചെയ്യുന്നത് ഇത്തരമൊരു പട്ടികയുടെ അടിസ്ഥാനത്തിൽ ആണ് എന്നുറപ്പുവരുത്തേണ്ടതുണ്ട്. അതോടൊപ്പം വസ്തുനിഷ്ഠമായും കൃത്യമായും ഓഡിറ്റ് ഇഷ്യൂസ് അതത് വിഭാഗങ്ങളിലായി ഉൾപ്പെടുത്തിയി ട്ടുള്ള ഇനങ്ങളെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് എന്നുറപ്പാക്കുകയും വേണം.

വില്ലേജ് റിസോഴ്സ് പേഴ്സൺമാർ രേഖപ്പെടുത്തുന്ന സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ ഈ പട്ടികയെ അടിസ്ഥാനമാക്കിയാണ് നടത്തിയിട്ടുള്ളതെന്ന് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ഉറപ്പാക്കണം. അതുപോലെ ഗ്രാമപഞ്ചായത്തിന്റെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പബ്ലിക് ഹിയറിംഗ് റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന് മുമ്പ് ഈ പട്ടികയെ അടിസ്ഥാനമാക്കി നിർവ്വഹണ പ്രശ്നങ്ങൾ ശരിയായി വിലയിരുത്തപ്പെട്ടിട്ടുണ്ടോയെന്ന് ജില്ലാ റിസോഴ്സ് പേഴ്സൺമാരും ഉറപ്പാക്കേണ്ടതുണ്ട്. തെറ്റായ വിവരങ്ങൾ യാതൊരു കാരണവശാലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി എം.ഐ.എസ്സിൽ രേഖപ്പെടുത്തുന്നില്ലായെന്ന് അതത് തലത്തിൽ വ്യക്തമായി പരിശോധിക്കേണ്ടതാണ്. കാര്യക്ഷമവും വസ്തുനിഷ്ഠവുമായ സോഷ്യൽ ഓഡിറ്റിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഈ രേഖ പ്രയോജനപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:**

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും
3. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ മുഖേന).

## എം.ജി.എൻ.ആർ.ഇ.ജി.എസ്. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നതിനുള്ള ഇനം തിരിച്ച പട്ടിക

| | | 1. സാമ്പത്തിക ദുർവിനിയോഗം (Financial Misappropriation) |
|---|---|---|
| ഉപ ഇനം | ഇഷ്യൂ നമ്പർ | വ്യക്തമായ പ്രശ്ന വിവരണം |
| ജോലി ചെയ്യാതെ വേതനം സ്വീകരിക്കുന്നത് സംബന്ധിച്ച് 1.1 | 1.1.1 | വ്യാജ രേഖകളിലൂടെ വ്യക്തികൾ തുക ദുർവിനിയോഗം ചെയ്തു. |
| | 1.1.2 | വേതനം നൽകിയെങ്കിലും ജോലി നിർവ്വഹിച്ചിട്ടില്ല |
| | 1.1.3 | ജോലി ചെയ്യാത്തവർക്ക് വേതനം നൽകി. |
| | 1.1.4 | നിലവിലില്ലാത്ത വ്യക്തിയുടെ പേരിൽ വേതനം നൽകി |
| | 1.1.5 | പ്രവാസിയായിരിക്കുന്ന വ്യക്തിയുടെ പേരിൽ വേതനം നൽകി |
| | 1.1.6 | പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, വാർഡ് മെമ്പർമാർ, മേറ്റുമാർ, സ്വാധീനമുള്ള മറ്റു വ്യക്തികൾ, അവരുടെ ബന്ധുക്കൾ എന്നിവർക്ക് ജോലി ചെയ്യാതെ വേതനം നൽകി. |
| | 1.1.7 | മറ്റ് മുഴുവൻ സമയ ജോലിയുള്ളവർക്ക് വേതനം നൽകി. (സർക്കാർ ജോലിയുള്ളവർ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർ) |
| | 1.1.8 | പതിനെട്ടു വയസ്സിനു താഴെയുള്ളവർക്ക് ജോലി ചെയ്യാതെ വേതനം നൽകി. |
| | 1.1.9 | ഒരേ തീയ്യതിയിൽ ഒരേ വ്യക്തിക്ക് രണ്ടു പ്രാവശ്യം വേതനം നൽകി. |
| | 1.1.10 | ജോലി നിർവ്വഹിക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന മേറ്റിന് ഒരേ ദിവസം മേറ്റ് എന്ന നിലയിലും തൊഴിലാളി എന്ന നിലയിലും ഇരട്ട വേതനം നൽകി. |
| | 1.1.11 | പേരുവിവരപട്ടികയിൽ (NMMS) ഇല്ലാത്തവരുടെ പേരുകൾ ഉൾപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) തയ്യാറാക്കി പണം നൽകി. |
| | 1.1.12 | അർഹതപ്പെട്ട വേതനത്തേക്കാൾ അധികരിച്ച വേതനം വ്യക്തിക്ക് നൽകി |
| | 1.1.13 | മരണപ്പെട്ട വ്യക്തിയുടെ പേരിൽ വേതനം നൽകി. |
| | 1.1.14 | യന്ത്രം നിർവ്വഹിച്ച ജോലിക്ക് വ്യക്തിക്ക് വേതനം നൽകി |
| | 1.1.15 | 'എ' എന്ന വ്യക്തിക്കു നൽകേണ്ട വേതനം 'ബി' എന്ന വ്യക്തിക്കു നൽകി. |
| | 1.1.16 | പണി എടുക്കാത്ത വ്യക്തിക്ക് പണം നൽകി. എന്നാൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| കോഴ/കൈക്കൂലി സംബന്ധിച്ച് 1.2 | 1.2.1 | പരാതി - തൊഴിൽ കാർഡ് നൽകുന്നതിന് പണം വാങ്ങി. |
| | 1.2.2 | പരാതി - ഫോട്ടോ എടുക്കുന്നതിന് പണം വാങ്ങി |
| | 1.2.3 | പരാതി -ബാങ്ക്/പോസ്റ്റ് ഓഫീസിൽ അക്കൗണ്ട് തുടങ്ങുന്നതിന് പണം വാങ്ങി |
| | 1.2.4 | പരാതി - വേതനം നൽകുമ്പോൾ അതിൽ നിന്ന് കമ്മീഷൻ തുക കുറവ് ചെയ്ത് നൽകി. |
| | 1.2.5 | പരാതി - വ്യക്തിഗത പ്രവൃത്തി അനുവദിച്ചു നൽകുന്നതിന് പണം വാങ്ങി. |
| | 1.2.6 | ബാങ്ക്, തപാൽ ഓഫീസ്, ബിസിനസ്സ് കറസ്പോണ്ടൻസ് ജോലിക്കാർ വേതനത്തിൽ നിന്ന് കമ്മീഷൻ തുക കൈപ്പറ്റുന്നത്. |



MAHATMA GANDHI-NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

| | | |
|---|---|---|
| പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ടവ 1.3 | 1.3.1 | പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല/പ്രവൃത്തി സ്ഥലത്ത് നടത്തിയ പ്രവൃത്തി കാണാൻ കഴിഞ്ഞില്ല. |
| | 1.3.2 | വൃക്ഷ തൈകൾ നടുന്ന പ്രവൃത്തിയിൽ തൈകൾ നട്ടിട്ടില്ല. |
| | 1.3.3 | കാർഷിക കുളം നിർമ്മിച്ചിട്ടില്ല |
| | 1.3.4 | പ്രവൃത്തികൾ ചെയ്തതിന്റെ യാതൊരു സൂചനയും ഇപ്പോഴില്ല |
| | 1.3.5 | തൈകൾ നട്ടുപിടിപ്പിച്ചതിന്റെ യാതൊരു സൂചനയും ഇപ്പോൾ ഇല്ല |
| | 1.3.6 | കരാറുകാർ മുഖേന പ്രവൃത്തി നിർവ്വഹണം നടത്തി |
| | 1.3.7 | യന്ത്രം ഉപയോഗിച്ച് ജോലി നിർവ്വഹിച്ചു. |
| | 1.3.8 | അർഹതയില്ലാത്ത ഗുണഭോക്താവിനു പ്രവൃത്തി അനുവദിച്ചു |
| | 1.3.9 | അനുചിതമല്ലാത്തതും അനുവദനീയമല്ലാത്തതുമായ പ്രവൃത്തി നടപ്പാക്കി. |
| | 1.3.10 | (IHHL) വ്യക്തിഗത ശൗചാലയം നിർമ്മാണം നടത്താതെ പണം നൽകി |
| | 1.3.11 | മുൻപ് നിർമ്മിക്കപ്പെട്ടതും നിലവിലുള്ളതുമായ വ്യക്തിഗത ശൗചാലയത്തിന് (IHHL) പണം നൽകി. |
| | 1.3.12 | ഒരേ പ്രവൃത്തിക്ക് ഒന്നിലധികം തവണ പണം നൽകി. |
| സാമഗ്രികളുടെ സംഭരണം 1.4 | 1.4.1 | അനുവദനീയമായതിനേക്കാളും ഉയർന്ന നിരക്കിൽ സാധന സാമഗ്രികൾ വാങ്ങി. |
| | 1.4.2 | ഗുണനിലവാരമില്ലാത്ത വസ്തുക്കൾ ഉപയോഗിച്ചു |
| | 1.4.3 | വ്യാജ ബില്ലുകൾ ഉപയോഗിച്ചു പണം വാങ്ങി. |
| | 1.4.4 | രേഖപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും തമ്മിൽ വ്യത്യാസം ഉണ്ടായി. |
| | 1.4.5 | ബില്ലിൽ രേഖപ്പെടുത്തിയതിലും കുറച്ച് അളവിൽ വസ്തുക്കൾ വാങ്ങി. |
| മറ്റുളളവ 1.5 | 1.5.1 | പ്രവൃത്തി സ്ഥലത്ത് മസ്റ്റർറോൾ സൂക്ഷിക്കുകയോ കാണുന്നതിനോ കഴിഞ്ഞില്ല. |
| | 1.5.2 | മസ്റ്റർറോളിൽ പേരില്ലാത്ത തൊഴിലാളികളെ പ്രവൃത്തി സ്ഥലത്ത് കാണുന്നതിന് കഴിഞ്ഞു |
| | 1.5.3 | ഉചിതമല്ലാത്ത അനുവദനീയമല്ലാത്തതുമായ ഭരണചിലവുകൾ നടത്തി |
| | 1.5.4 | വിദഗ്ദ്ധ തൊഴിലാളികൾക്ക് അധികരിച്ച നിരക്കിൽ പണം നൽകി. |
| | 1.5.5 | തൊഴിൽ കാർഡ് ഇല്ലാത്ത തൊഴിലാളിക്ക് കൂലി കൊടുത്തു. |
| | 1.5.6 | ഒരാൾക്ക് മറ്റൊരാളുടെ തൊഴിൽ കാർഡ് മുഖേന കൂലി നൽകി. |
| | 1.5.7 | ഒരു കുടുംബത്തിൽ ഒന്നിലധികം തൊഴിൽ കാർഡുകൾ എടുക്കുകയും അവർക്ക് 100 ദിവസത്തിലധികം കൂലി നൽകുകയും ചെയ്തു. |
| | 1.5.8 | തൊഴിലാളിയുടെ അക്കൗണ്ടിൽ നിന്ന് പണം പിൻവലിച്ചെങ്കിലും പണം അവർക്ക് നൽകിയിട്ടില്ല. |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

## 2. നടപടി ക്രമങ്ങളുടെ ലംഘനം (Process Violation)

| ഉപ ഇനം | ഇഷ്യൂ നമ്പർ | വ്യക്തമായ പ്രശ്ന വിവരണം |
|---|---|---|
| അവകാശ നിഷേധം 2.1 | 2.1.1 | ജോലിയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. |
| | 2.1.2 | തൊഴിലില്ലായ്മ വേതനം നൽകാതിരിക്കൽ |
| | 2.1.3 | കൂലി വിതരണം ചെയ്തത് വൈകിയതിനുള്ള നഷ്ടപരിഹാരം നൽകാതിരിക്കൽ |
| | 2.1.4 | യാത്രാബത്ത നൽകാതിരിക്കൽ |
| | 2.1.5 | അർഹരായവർക്ക് തൊഴിൽകാർഡ് നിഷേധിക്കൽ |
| | 2.1.6 | ജോലി ചെയ്യുവാൻ സന്നദ്ധരും അർഹരുമായവർക്ക് ജോലി നിഷേധിക്കൽ |
| | 2.1.7 | വാർദ്ധക്യ പെൻഷൻ (OAP) ലഭിക്കുന്നു എന്നതിന്റെ പേരിൽ തൊഴിൽ കാർഡ് നിഷേധിക്കൽ |
| | 2.1.8 | വാർദ്ധക്യ പെൻഷൻ (OAP) ലഭിക്കുന്നു എന്നതിന്റെ പേരിൽ ജോലി നിഷേധിക്കൽ |
| | 2.1.9 | ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽ കാർഡ് നിഷേധിക്കൽ |
| | 2.1.10 | ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ജോലി നിഷേധിക്കൽ |
| | 2.1.11 | ജോലി സ്ഥലത്ത് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ |
| | 2.1.12 | പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് ഉചിതമായ ജോലി നൽകാതിരിക്കൽ |
| | 2.1.13 | പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് വ്യത്യസ്തമായ പ്രത്യേക ഷെഡ്യൂൾ ഓഫ് റേറ്റ് നിശ്ചയിക്കാതിരിക്കൽ |
| സുതാര്യതയും ഉത്തരവാദിത്വവും 2.2 | 2.2.1 | റോസ്ഗാർ ദിനം എല്ലാ മാസങ്ങളിലും സംഘടിപ്പിക്കുന്നില്ല. |
| | 2.2.2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചും അതിന്റെനടത്തിപ്പിനെ കുറിച്ചുമുള്ള ബോധവത്കരണത്തിന്റെ അപര്യാപ്തത |
| | 2.2.3 | പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കാതിരിക്കൽ. |
| | 2.2.4 | തൊഴിലാളികളുടെ കൈവശം തൊഴിൽ കാർഡുകൾ ഇല്ലാതിരിക്കൽ |
| | 2.2.5 | തൊഴിലാളികളുടെ കൈവശം പാസ്ബുക്കുകൾ ഇല്ലാതിരിക്കൽ |
| | 2.2.6 | പേരുവിവരപട്ടിക (എൻ.എം.ആർ) ജോലിസ്ഥലങ്ങളിൽ സൂക്ഷിക്കാതിരിക്കൽ |
| | 2.2.7 | തൊഴിലാളികൾക്ക് ശമ്പള സ്ലിപ്പുകൾ നൽകാതിരിക്കൽ |
| | 2.2.8 | കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടക്കുന്നില്ല |
| | 2.2.9 | പരാതികൾ ശേഖരിക്കാനും രേഖപ്പെടുത്താനും അതിനനുസൃത മായി തീരുമാനമെടുക്കുന്നതിനും പരിശ്രമമില്ല. |
| | 2.2.10 | എൻ.എം.ആർ/ പേരുവിവരപട്ടിക പരസ്യമായി ജോലിസ്ഥലങ്ങളിൽ വായിക്കാതിരിക്കുന്നത് |
| | 2.2.11 | തൊഴിലാളികളുടെ സാന്നിധ്യത്തിലല്ലാത്ത പ്രവൃത്തികളുടെ അളവെടുപ്പ് നടത്തൽ |
| | 2.2.12 | ഗ്രാമപഞ്ചായത്ത് ഷെൽഫ് ഓഫ് പ്രോജക്ട് പ്രദർശിപ്പിക്കാതിരിക്കൽ ഏറ്റെടുത്ത പ്രവൃത്തികളും അതിനുവേണ്ടി ചെലവഴിച്ച തുകയും പ്രദർശിപ്പിക്കാതിരിയ്ക്കൽ. |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

| | | |
|---|---|---|
| | 2.2.13 | ചുവരെഴുത്തുകൾ നടത്തിയിട്ടില്ല |
| | 2.2.14 | സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളോട് പഞ്ചായത്തിലെ പദ്ധതി നിർവ്വഹണ ചുമതലയുള്ളവരുടെ സഹകരണം ഇല്ലായ്മ. |
| | 2.2.15 | സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ബ്ലോക്കിൽ നിന്നുള്ള പദ്ധതി നിർവ്വഹണ വിഭാഗത്തിന്റെ നിസ്സഹകരണം |
| | 2.2.16 | പഞ്ചായത്തുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സോഷ്യൽ ഓഡിറ്റിന് ഹാജരാക്കാതിരിക്കൽ |
| | 2.2.17 | സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മസ്റ്റർ റോൾ ഇഷ്യൂ രജിസ്റ്ററുകൾ ലഭ്യമാക്കാതിരിക്കൽ. |
| ധനകാര്യം 2.3 | 2.3.1 | ഭരണ ചെലവിലേക്ക് മുൻകൂറായി നൽകിയ തുക ക്രമീകരിക്കാതിരിക്കുക. |
| | 2.3.2 | നിർമ്മാണ സാമഗ്രികളുടെ ചിലവ് സംബന്ധിച്ച പ്രശ്നങ്ങൾ |
| | 2.3.3 | ഭരണനിർവ്വഹണചിലവ് സംബന്ധിച്ച പ്രശ്നങ്ങൾ |
| പ്രവൃത്തി തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് 2.4 | 2.4.1 | പ്രവൃത്തി തിരഞ്ഞെടുക്കുന്നതിൽ ശാസ്ത്രീയവും ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിന്റെ അഭാവം |
| | 2.4.2 | ഗ്രാമസഭ തീരുമാനങ്ങളിലൂടെയല്ലാതെ പ്രവൃത്തി തിരഞ്ഞെടുക്കൽ |
| | 2.4.3 | ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കി ലഭ്യമാക്കാതിരിക്കൽ |
| പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് 2.5 | 2.5.1 | നീണ്ട കാലയളവു കഴിഞ്ഞിട്ടും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കൽ |
| | 2.5.2 | മേൽനോട്ടക്കാരോ/ സാങ്കേതിക വിദഗ്ദ്ധരോ (റ്റി.എ) പതിവായി ജോലിസ്ഥലത്ത് സന്ദർശനം നടത്താതിരിക്കൽ |
| പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് 2.6 | 2.6.1 | പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ |
| | 2.6.2 | സമൂഹത്തിന് ഉപയോഗപ്രദമല്ലാത്ത പ്രവൃത്തികൾ നിർവ്വഹിക്കൽ |
| | 2.6.3 | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ പരിപാലനവും സംരക്ഷണവും ഇല്ലായ്മ. |
| | 2.6.4 | സൃഷ്ടിക്കപ്പെട്ട ആസ്തികൾ-വൃക്ഷങ്ങൾ, തോട്ടങ്ങൾ, കുളങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. |
| | 2.6.5 | സൃഷിടിക്കപ്പെട്ട ആസ്തികൾ കാണാനില്ല-ചെടികൾ,തോട്ടങ്ങൾ, കാർഷിക കുളം എന്നിവ. |
| രജിസ്റ്ററുകളുടെയും രേഖകളുടെയും സംരക്ഷണം സംബന്ധിച്ച് 2.7 | 2.7.1 | തൊഴിൽ കാർഡും ഓൺലൈൻ എൻട്രിയും തമ്മിൽ ജോലി ദിനങ്ങളിലും ലഭിച്ച വേതനത്തിൽ വ്യത്യാസം |
| | 2.7.2 | കുടുംബ വിവരങ്ങൾ ഓൺലൈനിൽ രേഖപ്പെടുത്തിയതിലുള്ള തെറ്റ് (പേര് ജാതി, ബന്ധം മുതലായവ) |
| | 2.7.3 | തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല |
| | 2.7.4 | തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്ററിൽ അനേകം തിരുത്തലുകളുണ്ട് |
| | 2.7.5 | ബ്ലോക്ക് തൊഴിൽ കാർഡ് രജിസ്റ്ററും പഞ്ചായത്ത് തൊഴിൽ കാർഡ് രജിസ്റ്ററും തമ്മിൽ പൊരുത്തക്കേട് |
| | 2.7.6 | ബ്ലോക്ക് പേരുവിവരപട്ടികയും (എൻ.എം. ആർ) പഞ്ചായത്ത് പേര് വിവരപട്ടികയും (എൻ. എം. ആർ) തമ്മിൽ പൊരുത്തക്കേട് |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

| | | |
|---|---|---|
| | 2.7.7 | തൊഴിൽ കാർഡിലും എൻ.എം.ആറിലുമുള്ള ഒപ്പ് /വിരലയടയാളത്തിലുമുള്ള വ്യത്യാസം |
| | 2.7.8 | എൻ.എം. ആറും മെഷർമെന്റ് ബുക്കും തമ്മിലുള്ള പൊരുത്തക്കേട് (അളവ്) |
| | 2.7.9 | മെഷർമെന്റ് ബുക്കും കംപ്ലീഷൻ (പൂർത്തീകരണ) റിപ്പോർട്ടും തമ്മിലുള്ള പൊരുത്തക്കേട് |
| | 2.7.10 | എൻ.എം. ആർ (പേരുവിവരപട്ടികയിൽ) ധാരാളം തിരുത്തലുകൾ നടത്തിയിട്ടുണ്ട് |
| | 2.7.11 | തൊഴിൽ കാർഡുകൾ നന്നായി സൂക്ഷിക്കുന്നില്ല |
| | 2.7.12 | എൻ.എം. ആർ (പേരുവിവരപട്ടിക) ശരിയായി സൂക്ഷിക്കുന്നില്ല |
| | 2.7.13 | പഞ്ചായത്ത് രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുന്നില്ല |
| | 2.7.14 | ബ്ലോക്ക് രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുന്നില്ല |
| | 2.7.15 | ആസ്തി രജിസ്റ്ററുകൾ നിർദ്ദിഷ്ട രീതിയിൽ സൂക്ഷിക്കുന്നില്ല |
| | 2.7.16 | എം ബുക്ക് (അളവ് ബുക്ക്) കൃത്യതയോടെ സൂക്ഷിക്കുന്നില്ല |
| | 2.7.17 | ഒരേ അക്കൗണ്ടിലേക്ക് ഒന്നിലധികം തൊഴിലാളികളുടെ വേതനം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. |
| | 2.7.18 | ഒരേ കുടുംബത്തിലേക്ക് ഒന്നിലധികം തൊഴിൽ കാർഡുകൾ നൽകിയിരിക്കുന്നു. |
| | 2.7.19 | ഒരേതൊഴിലാളി ഒന്നിലധികം തൊഴിൽ കാർഡുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| | 2.7.20 | മറ്റു രേഖകളിലെ ക്രമക്കേടുകൾ |
| | 2.7.21 | ജോലി നിർവ്വഹണത്തിന്റെ മൂന്നു ഘട്ടങ്ങളിലുള്ള ഫോട്ടോ ലഭ്യമല്ല |
| | 2.7.22 | രജിസ്റ്റർ 1 സൂക്ഷിച്ചിട്ടില്ല (തൊഴിൽ കാർഡിനുള്ള അപേക്ഷ, തൊഴിൽ കാർഡ് രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, കുടുംബങ്ങളുടെ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ) |
| | 2.7.23 | അന്തിമ ബില്ലു സമർപ്പണത്തിനുശേഷവും കംപ്ലീഷൻ (പൂർത്തീകരണ വിവരങ്ങൾ) റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല |
| ഭരണപരമായവ 2.8 | 2.8.1 | ഓഫീസ് ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തത് ജോലി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു |
| | 2.8.2 | പഞ്ചായത്തിന് ഭരണ ചിലവുകൾക്കുള്ള തുക നൽകിയിട്ടില്ല |
| | 2.8.3 | മേറ്റുമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദിഷ്ട നടപടി ക്രമത്തിൽ ഉള്ള വീഴ്ച |
| | 2.8.4 | പഞ്ചായത്തിലെ ചില സങ്കേതങ്ങളിൽ/പ്രദേശങ്ങളിൽ പ്രത്യേക കാലയളവിൽ മാത്രമേ ജോലി അനുവദിക്കുന്നുള്ളു. |
| | 2.8.5 | ഇ.എഫ്.എം.എസ്സിൽ നിന്നും ഒഴിവാക്കപ്പെട്ട പഞ്ചായത്തുകൾക്ക് പണം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. |
| | 2.8.6 | മേറ്റുമാരുടെ തെരഞ്ഞെടുപ്പിലെ ക്രമക്കേട് |
| | 2.8.7 | യോഗ്യതയില്ലാത്ത വ്യക്തികൾക്ക് തൊഴിൽ കാർഡ് കൊടുത്തു |
| | 2.8.8 | ഒരു കുടുംബത്തിന് ഒന്നിൽ കൂടുതൽ തൊഴിൽ കാർഡുകൾ കൊടുത്തു. |
| | 2.8.9 | മേറ്റുമാർക്ക് കൃത്യമായ പരിശീലനം ലഭിച്ചിട്ടില്ല |
| | 2.8.10 | പ്രവൃത്തി സ്ഥലത്ത് മേറ്റിന്റെ സാന്നിദ്ധ്യം/മേൽനോട്ടം ഉണ്ടായിരുന്നില്ല. |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

| ഉപ ഇനം | ഇഷ്യൂ നമ്പർ | 3. സാമ്പത്തിക വ്യതിയാനം (Financial Deviation)<br>വ്യക്തമായ പ്രശ്ന വിവരണം |
|---|---|---|
| രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് 3.1 | 3.1.1 | സോഷ്യൽ ഓഡിറ്റിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. |
| | 3.1.2 | എൻ. എം. ആർ (പേര് വിവരപട്ടിക) സോഷ്യൽ ഓഡിറ്റിന് ഹാജരാക്കിയില്ല |
| | 3.1.3 | വേതനപട്ടിക സോഷ്യൽ ഓഡിറ്റിന് ഹാജരാക്കിയില്ല |
| | 3.1.4 | പണം കൈമാറ്റത്തിനുള്ള ഉത്തരവ് (എഫ്. റ്റി. ഓ.) സോഷ്യൽ ഓഡിറ്റിന് ഹാജരാക്കിയില്ല |
| | 3.1.5 | സോഷ്യൽ ഓഡിറ്റിനായി എം. ബുക്ക് (അളവ് ബുക്ക്) ഹാജരാക്കിയില്ല |
| | 3.1.6 | സോഷ്യൽ ഓഡിറ്റിനായി ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയില്ല |
| | 3.1.7 | സോഷ്യൽ ഓഡിറ്റിനായി പ്രവൃത്തിസംബന്ധമായ രേഖകൾ (ഉദാ: ഗ്രാമസഭാ പ്രമേയങ്ങൾ/തീരുമാനങ്ങൾ ഭരണാനുമതി സാങ്കേതികാനുമതി എന്നീ രേഖകൾ ഹാജരാക്കിയില്ല |
| | 3.1.8 | പ്രവൃത്തി സംബന്ധിച്ച രേഖകൾ സോഷ്യൽ ഓഡിറ്റിന് ഹാജരാക്കിയില്ല. (പ്രവർത്തി പൂർത്തീകരണ റിപ്പോർട്ടുകൾ, ഫോട്ടോഗ്രാഫുകൾ, ആസ്തി രജിസ്റ്റർ മുതലായവ ) |
| | 3.1.9 | മറ്റു രേഖകൾ ഹാജരാക്കിയില്ല |
| പ്രവൃത്തികൾ തിരഞ്ഞെടുത്തത് സംബന്ധിച്ച് 3.2 | 3.2.1 | ഗ്രാമസഭാ അനുമതി/അംഗീകാരം ഇല്ലാതെ പ്രവൃത്തികൾ ഏറ്റെടുത്തു. |
| | 3.2.2 | ഭരണാനുമതി ഇല്ലാതെ പ്രവൃത്തി ഏറ്റെടുത്തു. |
| | 3.2.3 | ടെക്നിക്കൽ എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി ഏറ്റെടുത്തു. |
| | 3.2.4 | സാങ്കേതികാനുമതി ഇല്ലാതെ പ്രവൃത്തി ഏറ്റെടുത്തു. |
| | 3.2.5 | അപൂർണമായ ടെക്നിക്കൽ എസ്റ്റിമേറ്റ് ( ജോലിക്ക് മുൻപുള്ള അളവുകൾ, എഫ്. എം. ബി. രേഖാചിത്രം, ഫോട്ടോഗ്രാഫുകൾ, സൈറ്റ്മാപ്പ് എന്നിവയുടെ അഭാവം ) |
| | 3.2.6 | ഏറ്റെടുക്കാൻ പാടില്ലാത്തതും അനുവദനീയമല്ലാത്തതുമായ പ്രവൃത്തികൾക്ക് അനുമതി നൽകി. |
| | 3.2.7 | പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അനാവശ്യമായ അധിക മൂല്യങ്ങൾ കാണിച്ചിരിക്കുന്നു/ ചേർത്തിരിക്കുന്നു. |
| | 3.2.8 | തൊഴിൽ കാർഡ് ഇല്ലാത്ത ഭൂഉടമയുടെ സ്വകാര്യ ഭൂമിയിൽ പ്രവൃത്തി നടപ്പാക്കി. |
| | 3.2.9 | പ്രവൃത്തി നടത്തിയ സ്വകാര്യഭൂമിയുടെ ഉടമയെ ചട്ടപ്രകാരമുള്ള മുൻഗണന പാലിക്കാതെ തെരഞ്ഞെടുത്തു. |
| | 3.2.10 | മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിലും നടപ്പാക്കി. |
| | 3.2.11 | ഒരേ പ്രവൃത്തി തന്നെ ഒരേ സ്ഥലത്ത് ഒന്നിലധികം പ്രാവിശ്യം ഏറ്റെടുത്തിട്ടുണ്ട് |
| | 3.2.12 | ഭരണാനുമതി ലഭിച്ച പ്രവൃത്തിക്കു പകരം മറ്റൊരു പ്രവൃത്തി നിർവ്വഹിച്ചു. |
| | 3.2.13 | പൊതു സ്ഥലത്ത് നിർവ്വഹിക്കേണ്ട പ്രവൃത്തി സ്വകാര്യ ഭൂമിയിൽ നിർവ്വഹണം നടത്തി. |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM -33

| | | |
|---|---|---|
| | 3.2.14 | സ്വകാര്യഭൂമിയിലെ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ-ഗുണഭോക്താവ് പണി ചെയ്തിട്ടില്ല. |
| പ്രവൃത്തി സംബന്ധിച്ച രേഖകൾ 3.3 | 3.3.1 | അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു |
| | 3.3.2 | പരിഷ്കരിച്ചു അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചു |
| | 3.3.3 | എം. ബുക്കിൽ രേഖപ്പെടുത്താതെ വേതനം നൽകിയിരിക്കുന്നു. |
| | 3.3.4 | പ്രോഗ്രാം ഓഫീസറുടെ ഉത്തരവില്ലാതെ വേതനം നൽകിയിരിക്കുന്നു. |
| | 3.3.5 | എം. ബുക്കിൽ രേഖപ്പെടുത്തിയ കണക്കുകളുടെ പിഴവുമൂലം അധിക വേതനം നൽകിയിരിക്കുന്നു. |
| | 3.3.6 | എം. ബുക്കിൽ രേഖപ്പെടുത്തിയതിനേക്കാളും കൂടുതൽ തുകയാണ് വേതനമായി എൻ.എം.ആർ. കണക്കു പ്രകാരം നൽകിയിരിക്കുന്നു. |
| | 3.3.7 | എം.ഐ.എസ്സിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തിയ്ക്ക് വേതനം നൽകിയിരിക്കുന്നു. |
| | 3.3.8 | എൻ.എം.ആർ. പ്രകാരം അനുമതി നൽകിയതിനേക്കാൾ കൂടുതൽ തുക വേതനമായി നൽകിയിരിക്കുന്നു. |
| | 3.3.9 | ചെക്ക് മെഷർമെന്റ്, സൂപ്പർ ചെക്ക് നടത്താതെ പണം നൽകിയിരിക്കുന്നു. |
| | 3.3.10 | സൂപ്പർ ചെക്ക് മെഷർമെന്റ് നടത്താതെ ഫൈനൽ/അന്തിമ പേയ്മെന്റ് നടത്തിയിരിക്കുന്നു. |
| പ്രവൃത്തി നിർവ്വഹണം 3.4 | 3.4.1 | എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകളുടേയും പ്രവൃത്തി സ്ഥലത്തെ അളവുകളുടേയും മൂല്യങ്ങൾ തമ്മിൽ വലിയ അന്തരം. |
| | 3.4.2 | ഭാഗികമായി പണി തീർത്ത വ്യക്തിഗത ശൗചാലയത്തിനു (IHHL) മുഴുവൻ തുകയും നൽകിയിരിക്കുന്നു. |
| | 3.4.3 | പൂർത്തിയാക്കിയ പ്രവൃത്തിയ്ക്ക് ആനുപാതികമായല്ല പണം നൽകിയിട്ടുള്ളത്. |

| ഉപ ഇനം | ഇഷ്യൂ നമ്പർ | **4. ആവലാതികളും പരാതികളും (Grievances)**<br>**നിർദ്ദിഷ്ട പ്രശ്ന വിവരണം** |
|---|---|---|
| തൊഴിൽകാർഡ് സംബന്ധിച്ച് 4.1 | 4.1.1 | പുതിയ തൊഴിൽ കാർഡിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട പരാതി |
| | 4.1.2 | തൊഴിൽ കാർഡ് പുതുക്കുന്നതിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട പരാതി |
| | 4.1.3 | നഷ്ടപ്പെട്ട തൊഴിൽ കാർഡിനു പകരം മറ്റൊന്നിനുള്ള അപേക്ഷ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പരാതി. |
| | 4.1.4 | തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട പരാതി ( ഉദാ : പേര്, ഭർത്താവിന്റെ പേര്, പിതാവിന്റെ പേര്, ജാതി, വിലാസം, തൊഴിൽ രേഖപ്പെടുത്തിയത് ) |

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S. PALAYAM
TRIVANDRUM -33

| | | |
|---|---|---|
| | 4.1.5 | കുടുംബത്തിലുള്ള അംഗത്തെ പുതുതായി ചേർക്കുന്നതിനുള്ള അപേക്ഷ. |
| | 4.1.6 | തൊഴിൽകാർഡിൽ പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കാൻ കഴിയാത്തത്. |
| | 4.1.7 | പരാതി - തൊഴിൽ കാർഡ് ലഭിക്കുന്നില്ല. |
| | 4.1.8 | പരാതി - തൊഴിൽ കാർഡ് പുതുക്കാൻ കഴിയുന്നില്ല. |
| | 4.1.9 | പരാതി - നഷ്ടപ്പെട്ട തൊഴിൽ കാർഡിനു പകരം മറ്റൊന്നു ലഭിക്കുന്നില്ല. |
| | 4.1.10 | പരാതി - തൊഴിൽ കാർഡിൽ തെറ്റായി രേഖപ്പെടുത്തിയത് തിരുത്താൻ സാധിക്കുന്നില്ല. |
| | 4.1.11 | പരാതി - മറ്റൊരു കുടുംബാംഗത്തെ തൊഴിൽകാർഡിൽ ചേർക്കാൻ കഴിയുന്നില്ല. |
| | 4.1.12 | പരാതി - തൊഴിൽ കാർഡ് മറ്റൊരാൾ കൈവശം വച്ചിരിക്കുന്നു. |
| | 4.1.13 | പരാതി - തൊഴിൽ കാർഡ് പദ്ധതി നിർവ്വഹണ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ കൈവശം വച്ചിരിക്കുന്നു. |
| ആധാർ / ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് 4.2 | 4.2.1 | ആധാർ കാർഡിനുള്ള അപേക്ഷ നൽകാൻ കഴിയുന്നില്ല. |
| | 4.2.2 | പരാതി - ആധാർ കാർഡ് ലഭിക്കുന്നില്ല. |
| | 4.2.3 | ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല |
| | 4.2.4 | പരാതി - ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ സാധിക്കുന്നില്ല. |
| | 4.2.5 | പോസ്റ്റ് ഓഫീസ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല |
| | 4.2.6 | പരാതി - പോസ്റ്റ് ഓഫീസ് അക്കൗണ്ട് ആരംഭിക്കാൻ സാധിക്കുന്നില്ല. |
| | 4.2.7 | ബാങ്ക് പാസ്ബുക്ക് / പോസ്റ്റ് ഓഫീസ് പാസ് ബുക്ക് ലഭിക്കുന്നില്ല |
| | 4.2.8 | പരാതി - ബാങ്ക് പാസ്ബുക്ക് ലഭിക്കുന്നില്ല. |
| | 4.2.9 | പോസ്റ്റ് ഓഫീസ് പാസ്ബുക്ക് ലഭിക്കുന്നതിനുള്ള അപേക്ഷയുടെ ലഭ്യതയില്ലായ്മ. |
| | 4.2.10 | പരാതി - പോസ്റ്റ് ഓഫീസ്/ ബാങ്ക് പാസ്ബുക്ക് ലഭിക്കുന്നില്ല. |
| | 4.2.11 | ആധാർ കാർഡ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നില്ല. |
| | 4.2.12 | ആധാർ കാർഡ് തെറ്റായ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചു. |
| പ്രവൃത്തി സംബന്ധിച്ച് 4.3 | 4.3.1 | തൊഴിലിനു വേണ്ടിയുള്ള അപേക്ഷ നൽകാൻ കഴിയുന്നില്ല. |
| | 4.3.2 | പരാതി - തൊഴിൽ ലഭിക്കുന്നില്ല. |
| | 4.3.3 | പരാതി - തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല. |
| | 4.3.4 | തൊഴിലിനുള്ള അപേക്ഷയിന്മേൽ നടപടിയുണ്ടായില്ല. |
| | 4.3.5 | നൂറു ദിവസത്തിനു മുകളിൽ തൊഴിലിനുള്ള അപേക്ഷ |
| | 4.3.6 | പരാതി - ജോലി അനുവദിച്ചു നൽകുന്നതിൽ വിവേചനം നിലനിൽക്കുന്നു. |

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

| | | |
|---|---|---|
| ജോലിയിലെ സൗകര്യങ്ങൾ സംബന്ധിച്ച് 4.4 | 4.4.1 | പരാതി – ജോലിയിടങ്ങളിൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല. |
| | 4.4.2 | പരാതി – തൊഴിലിടങ്ങളിൽ കുടിവെള്ളത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നില്ല |
| | 4.4.3 | പരാതി – തൊഴിലിടങ്ങളിൽ വിശ്രമവേളകൾക്കായി തണൽ ഒരുക്കുന്നില്ല. |
| | 4.4.4 | പരാതി – തൊഴിലിടങ്ങളിൽ കുട്ടികൾക്കുള്ള ക്രഷ് സംവിധാനം ഒരുക്കുന്നില്ല. |
| വേതനം സംബന്ധിച്ച് 4.5 | 4.5.1 | മിനിമം വേതനം ഉയർത്താനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.5.2 | പരാതി – മിനിമം വേതനം നൽകുന്നില്ല. |
| | 4.5.3 | പരാതി വൈകിയ വേതനം ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല. |
| | 4.5.4 | പരാതി – ലഭിക്കാതെ പോയ വേതനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല. |
| | 4.5.5 | വ്യക്തി ജോലി ചെയ്തെങ്കിലും പേര് എം. എൻ. ആറിൽ (മസ്റ്റർ റോളിൽ) ഇല്ലാത്തതിനാൽ വേതനം ലഭിച്ചില്ല . |
| | 4.5.6 | വ്യക്തി ജോലി ചെയ്തെങ്കിലും കുടുംബത്തിന് നൂറു ദിവസം ജോലി ലഭിച്ചതിനാൽ വേതനം ലഭിച്ചില്ല. |
| | 4.5.7 | ഭിന്നശേഷിക്കാരായവർക്ക് അർഹതപ്പെട്ട വേതനം നൽകിയിട്ടില്ല. |
| | 4.5.8 | പരാതി– വ്യക്തിഗത പ്രവൃത്തികളിൽ വിദഗ്ദ്ധ തൊഴിൽ/ സാധന സാമഗ്രി ചെലവ് ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ചില്ല. |
| | 4.5.9 | പരാതി – യാത്രാക്കൂലിയ്ക്ക് അർഹതയ്ക്കുള്ള അപേക്ഷ പരിഗണിച്ചില്ല. |
| | 4.5.10 | പരാതി – വേതനം വൈകിയതിന്റെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ പരിഗണിച്ചില്ല. |
| | 4.5.11 | പരാതി–വേതന നിരക്കുകളെ കുറിച്ചും നൽകിയ തുകയെക്കുറിച്ചുമുള്ള വിവരങ്ങൾ നൽകുന്നില്ല. |
| | 4.5.12 | പരാതി – വേതന സ്ലിപ് / രസീത് നൽകിയിട്ടില്ല. |
| | 4.5.13 | പരാതി – ബാങ്കിൽ നിന്നോ പോസ്റ്റ് ഓഫീസിൽ നിന്നോ പണം എടുക്കുന്നതിനുള്ള ബുദ്ധിമുട്ട്. |
| | 4.5.14 | പരാതി –തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷ ലഭിക്കുന്നില്ല/ സ്വീകരിക്കുന്നില്ല. |
| പരിക്ക്/ മരണം 4.6 | 4.6.1 | പരാതി – ജോലിക്കിടയിൽ ഉണ്ടാകുന്ന പരിക്കിനുള്ള, നഷ്ടപരിഹാര വേതനത്തിനുള്ള അപേക്ഷ സ്വീകരിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല. |
| | 4.6.2 | പരാതി – ജോലിക്കിടയിൽ ഉണ്ടാകുന്ന ശാശ്വത അംഗവൈകല്യം, മരണം മുതലായവക്കുള്ള നഷ്ടപരിഹാര വേതനത്തിനുള്ള അപേക്ഷയിന്മേൽ നടപടി ഉണ്ടായില്ല. |
| വ്യക്തിഗത ആസ്തി സംബന്ധിച്ച് 4.7 | 4.7.1 | വ്യക്തിഗത ശൗചാലയം (IHHL) പണിയുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.7.2 | കാലിതൊഴുത്ത് നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.7.3 | കാർഷിക കുളം നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |



MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

| | | |
|---|---|---|
| | 4.7.4 | സ്വകാര്യഭൂമിയിൽ പ്ലാന്റേഷൻ ജോലി നിർവ്വഹിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.7.5 | പ്രധാനമന്ത്രി ആവാസ് യോജനക്കു കീഴിൽ വീട് പണിയുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.7.6 | CMGHS – പദ്ധതിക്ക് കീഴിൽ വീട് പണിയുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.7.7 | സ്വകാര്യഭൂമിയിലുള്ള ആസ്തി നിർമ്മാണത്തിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| പൊതു പ്രവൃത്തികൾ സംബന്ധിച്ച് 4.8 | 4.8.1 | പൊതു കനാലുകളുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.8.2 | പൊതുജലസംഭരണിയുമായി ബന്ധപ്പെട്ട ജോലികൾ ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.8.3 | പൊതു വിപണന കേന്ദ്രം നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.8.4 | അങ്കൺവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നില്ല. |
| | 4.8.5 | പുസ്തകശാല / ഗ്രന്ഥശാല കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ. |
| ഗ്രാമസഭ സംബന്ധിച്ചത്. 4.9 | 4.9.1 | ഗ്രാമസഭാ യോഗങ്ങൾ കൃത്യമായി നടക്കുന്നില്ല. |
| | 4.9.2 | ഗ്രാമസഭ യോഗങ്ങളെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ ജനങ്ങൾക്ക് നൽകുന്നില്ല. |
| | 4.9.3 | ഗ്രാമസഭയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ തിരഞ്ഞെടുപ്പ് നടക്കുന്നില്ല. |
| | 4.9.4 | മേറ്റുമാരെ ഗ്രാമസഭാ യോഗങ്ങളിൽ നിന്നല്ല തിരഞ്ഞെടുക്കുന്നത്. |
| വ്യക്തികൾക്കു നേരെയുള്ള പരാതികൾ 4.10 | 4.10.1 | ബാങ്ക് ഇടപാട് സംബന്ധിച്ച പരാതി. |
| | 4.10.2 | തപാൽ ഓഫീസ്/പോസ്റ്റ്മാന്/എതിരെയുള്ള പരാതി. |
| | 4.10.3 | പഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള പരാതി. |
| | 4.10.4 | പ്രവൃത്തി സ്ഥല മേൽനോട്ടം വഹിക്കുന്നവർക്കെതിരെയുള്ള പരാതി. |
| | 4.10.5 | പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള പരാതി. |
| | 4.10.6 | വാർഡ് മെമ്പറിനെതിരെയുള്ള പരാതി. |
| | 4.10.7 | സാങ്കേതിക വിദഗ്ദ്ധർ/ജീവനക്കാർക്കെതിരെയുള്ള പരാതി. |
| | 4.10.8 | മറ്റു വ്യക്തികൾക്കെതിരെയുള്ള പരാതി. |
| മറ്റുള്ളവ 4.11 | 4.11.1 | പരാതി – പരാതി പരിഹാരത്തിനുള്ള അപേക്ഷ രേഖപ്പെടുത്തുകയോ, ഇതിനായുള്ള നടപടിയെടുക്കുകയോ ചെയ്തില്ല. |

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
★(Govt. of Kerala)★